●സംവാദം

# കേരളം – യഥാർത്ഥപ്രശ്നമെന്ത് ?

## ഐ. ഗോപിനാഥ്

ഇന്ത്യയിലെ ഏറ്റവും രാഷ്ട്രീയ പ്രബുദ്ധമായ സംസ്ഥാനമാണ് കേരളം എന്നാണല്ലോ പറയപ്പെടുന്നത്. അതിന്റെ പേരിൽ കാലങ്ങളായി മിഥ്യാഭിമാനം കൊള്ളുന്നവരാണ് നമ്മൾ. അത്തരത്തിലുള്ള അവകാശവാദങ്ങൾ ഉന്നയിച്ച് നാം നേരിടുന്ന യഥാർത്ഥ പ്രതിസന്ധി എന്തെന്ന് പഠിക്കാനോ എങ്ങനെ ഇനി മുന്നോട്ട് പോകാമെന്ന് അന്വേഷിക്കാനോ നാം മെനക്കെടാറില്ല. സെമിനാറുകൾ നടത്തിയും ഗവേഷണഗ്രന്ഥങ്ങൾ എഴുതിയും കേരളമാതൃകയെ വാഴ്ത്തിപ്പുകഴ്ത്തി നിരവധിവർഷങ്ങൾ നമ്മുടെ ബുദ്ധിജീവികൾ പാഴാക്കി. പ്രാഥമികമേഖലകളായ കൃഷി, വ്യവസായം തുടങ്ങിയവയുടെ വികസനത്തിന്റെ അഭാവത്തിലും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി മറ്റുമേഖലകൾക്ക് മുന്നോട്ട് പോകാൻ കഴിയുമെന്നതിന്റെ മാതൃകയായി കേരളത്തെ ഉയർത്തിക്കാട്ടാൻ സാമ്രാജ്യത്വശക്തികൾ ഒരുകാലത്ത് മത്സരിച്ചപ്പോൾ അതേ അവകാശവാദങ്ങൾ ഉന്നയിച്ച് തങ്ങളുടെ പോരാട്ടങ്ങളുടെ നേട്ടമാണ് അവയെന്ന് സ്ഥാപിക്കാനായിരുന്നു, പ്രധാനമായും ഇടതുപക്ഷനേതൃത്വങ്ങൾ ശ്രമിച്ചത്. ഗൾഫ്പണത്തിന്റെ ഒഴുക്കായിരുന്നു സമ്പന്നതയുടെയും പുരോഗതിയുടേയും ഇമേജ് സൃഷ്ടിച്ചത് എന്ന വസ്തുതപോലും വിസ്മരിക്കപ്പെട്ടു. അടിസ്ഥാനമേഖലകളിലെ വികാസത്തിൽനിന്നുമുണ്ടാകുന്ന മിച്ചത്തിൽനിന്നേ സേവനമേഖലയ്ക്ക് നിലനിൽക്കാനാകൂ എന്നും അത്തരം ഒന്നിന്റെ അഭാവത്തിൽ കൊട്ടിഘോഷിക്കപ്പെട്ട 'കേരളാമോഡൽ' പ്രതിസന്ധിയെ നേരിടുമെന്നും വിരലിലെണ്ണാവുന്ന ചിലർ അന്നേ ചൂണ്ടിക്കാട്ടിയിരുന്നു. അസ്വാഭാവികമായ പ്രതിസന്ധി ഉടലെടുത്തപ്പോൾ ഇനിയും അതേക്കുറിച്ച് ഗൗരവമായി പഠിക്കാതെ, സർക്കാർ എങ്ങനെയെങ്കിലും കാശുണ്ടാക്കി അവയെ സംരക്ഷിക്കണമെന്ന് ലാഘവത്തോടെ ആവശ്യപ്പെടുകയാണ് നമ്മുടെ ബഹുഭൂരിപക്ഷം രാഷ്ട്രീയക്കാരും ബുദ്ധിജീവികളും ചെയ്യുന്നത്.

വാസ്തവത്തിൽ കേരളീയസമൂഹം നാം ഊറ്റംകൊള്ളുന്നപോലെ പ്രബുദ്ധമാണോ ? രാഷ്ട്രീയമായ എല്ലാ ചലനങ്ങളും വർഷങ്ങൾക്കുമമ്പേ നിലച്ച ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വളരെ ആശാവഹമായ മുന്നേറ്റങ്ങൾ അടിത്തട്ടിൽനിന്ന് ഉയർന്ന് വരുമ്പോൾ കേരളീയർ കാഴ്ചക്കാർ മാത്രമാണ്. രാഷ്ട്രീയാധികാരം എന്ന ഏറ്റവും പുരോഗമനപരമായ മുദ്രാവാക്യമുയർത്തി ഉത്തരേന്ത്യയിലും മറ്റും അധസ്ഥിത ജനവിഭാഗങ്ങൾ രംഗത്തുവന്നപ്പോൾ അതിന്റെ രാഷ്ട്രീയമായ അർത്ഥം മനസ്സിലാക്കാതെ ജാതിഭ്രാന്തായാണ് നാം കാണുന്നത്. അതിനെ സൃഷ്ടിക്കുന്നത് സാമ്രാജ്യത്വവും ! കമ്മ്യൂണിസ്റ്റുകാരും പുരോഗമനവാദികളുമായാൽ ജാതിക്കതീതരായി എന്ന മിഥ്യാധാരണയിൽ സഹസ്രാബ്ദങ്ങളായി നിലനിൽക്കുകയും അതിജീവിക്കുകയും ചെയ്യുന്ന ജാതിയുടെ ചലനനിയമങ്ങൾ മനസ്സിലാക്കാൻ നമുക്ക് കഴിയുന്നില്ല.

കേരളത്തിന്റെ ഏത് മേഖലയെടുത്താണ് പ്രബുദ്ധമെന്ന് അവകാശപ്പെടുവാൻ കഴിയുക ? കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യപകുതിയിൽ നാം നേടിയതൊക്കെയും രണ്ടാംപകുതി ഇല്ലാതാക്കുകയായിരുന്നില്ലെ? കൊട്ടിഘോഷിച്ച് നടപ്പാക്കിയ കാർഷിക-ഭൂപരിഷ്ക്കരണം കഴിഞ്ഞപ്പോൾ തമിഴ്നാട്ടിൽ ലോറിസമരം ഉണ്ടായാൽ പട്ടിണികിടക്കേണ്ട അവസ്ഥയിലേക്ക് നാം മാറി. വ്യവസായികരംഗമോ ? നമ്മെ പരമാവധി കൊള്ളയടിച്ച മാവൂർ റയോൺസുകളും കൊക്കകോള പെപ്സികളുമല്ലേ നമ്മുടെ സമ്പാദ്യം ? കൂടെ വൈദ്യുതി ഊറ്റിയെടുക്കുന്ന കുറെ രാസവ്യവസായങ്ങളും. പരമ്പരാഗതവ്യവസായങ്ങളും ചെറുകിടസംരംഭകരും സ്വയംതൊഴിൽ കണ്ടെത്തിയവരുമെല്ലാം തകർന്നടിഞ്ഞു. നമ്മുടെ മാർക്കറ്റിനെയും വിഭവങ്ങളെയും മൂലധനത്തെയും നിയന്ത്രിക്കാനുള്ള രാഷ്ട്രീയാധികാരമില്ലാത്തതാണ് കേന്ദ്രപ്രശ്നം എന്ന വസ്തുത വിസ്മരിക്കപ്പെട്ടു. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലെ ആദിവാസി വിഭാഗങ്ങൾ ഏറ്റവും അധികം പീഡിപ്പിക്കപ്പെടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കെ.ആർ. ഗൗരിയമ്മയ്ക്ക് ശേഷം സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽനിന്ന് ഉയർന്ന് വന്ന ഒരു

ആദിവാസി സ്വയംഭരണം എന്ന ആശയം ഇനിയും നടപ്പാക്കാത്ത ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടേത്. ജനസംഖ്യയിൽ പകുതിവരുന്ന സ്ത്രീകളുടെ അവസ്ഥയോ ? ഒരുവശത്ത് പത്തുവയസ്സുകാരിയെ പോലും വാണിഭം നടത്തുമ്പോൾ മറുവശത്ത് സ്ത്രീക്കും പുരുഷനും ഒരു സീറ്റിലിരുന്ന് യാത്രചെയ്യാൻ പോലും കഴിയാത്ത സദാചാരബോധം കൊടികുത്തി വാഴുന്നു.

സ്ത്രീയെ–സി.കെ. ജാനു–അംഗീകരിക്കാൻ എന്തേ 'പ്രബുദ്ധകേരള'ത്തിന് ഇനിയും കഴിയാത്തത് ? ആദിവാസി സ്വയംഭരണം എന്ന ആശയം ഇനിയും നടപ്പാക്കാത്ത ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടേത്. ജനസംഖ്യയിൽ പകുതിവരുന്ന സ്ത്രീകളുടെ അവസ്ഥയോ ? ഒരുവശത്ത് പത്തുവയസ്സുകാരിയെ പോലും വാണിഭം നടത്തുമ്പോൾ മറുവശത്ത് സ്ത്രീക്കും പുരുഷനും ഒരു സീറ്റിലിരുന്ന് യാത്രചെയ്യാൻ പോലും കഴിയാത്ത സദാചാരബോധം കൊടികുത്തി വാഴുന്നു.

കഴിഞ്ഞ 50 വർഷമായി നമ്മെ നയിച്ച് ഈ നിലയിലെത്തിച്ച് ചിന്താധാരകളെ ഒന്ന് പുനഃപരിശോധിക്കാൻ പോലും നാം തയ്യാറായിട്ടില്ല എന്നതാണ് കൂടുതൽ ഖേദകരം. എന്നും ഒരു ശത്രുവിനെ കണ്ടെത്തി ഒട്ടകപ്പക്ഷിയെപ്പോലെ മണ്ണിൽ മുഖം താഴ്ത്തി രക്ഷപ്പെടാനാണ് നമ്മുടെ ശ്രമം. സാധാരണജനങ്ങളുടെ ശത്രുവായി മാറിയിട്ടുള്ള ബ്യൂറോക്രസിയേയോ അഴിമതിയുടെ കൂത്തരങ്ങായ പൊതുമേഖലയേയോ അധ്വാനത്തോട് ഇന്നും നിലനിൽക്കുന്ന ഫ്യൂഡൽ മനോഭാവത്തെയോ സംഘടിത വിഭാഗങ്ങൾ കയ്യൂക്കിന്റെ ശക്തികൊണ്ട് സമൂഹത്തെ ചൊൽപ്പടിയിൽ നിർത്തുന്നതിനേയോ നാം കണ്ടില്ലെന്ന് നടിക്കുന്നു. കേരളീയർ ഒന്നടങ്കം സംഘടിതരാണെന്ന

അവകാശവദത്തിന്റെ പൊള്ളത്തരം നോക്കുക. ആദിവാസികൾ, സ്ത്രീകൾ, ദളിതർ എന്നിവരെ മാറ്റിനിർത്തുക. തൊഴിൽമേഖലകൾ തന്നെ പരിശോധിക്കുമ്പോൾ എന്താണ് നാം കാണുന്നത്. പീടികതൊഴിലാളികൾ, സ്വകാര്യസ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റുകൾ മുതൽ കമ്പ്യൂട്ടർഓപ്പറേറ്റർമാർ വരെയുള്ളവർ, നേഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ, അൺഎയ്ഡഡ്-പാരലൽ കോളേജ് അധ്യാപകർ, കെട്ടിടനിർമ്മാണതൊഴിലാളികൾ, തകർന്നടിഞ്ഞ കർഷകതൊഴിലാളികൾ, ചെറുകിടവ്യവസായസംരംഭകർ, വാണിഭക്കാർ, കർഷകർ തുടങ്ങി ജീവതത്തിന്റെ മിക്ക മേഖലകളിലും അസംഘടിതരായ ലക്ഷങ്ങൾ ജീവിക്കുമ്പോഴാണ് എന്തെക്കെയോ കപടമായ ലോകത്ത് നിന്ന് നാം സംഘടിതരാണെന്ന് ഊറ്റംകൊള്ളുന്നത്. ഒരുതരത്തിലുള്ള സ്വയം പരിശോധനയ്ക്ക് തയ്യാറാകാതെ മേൽ സൂചിപ്പിച്ചതുപോലെ എല്ലാപ്രശ്നങ്ങൾക്കും കാരണക്കാരായി സാമ്രാജ്യത്വത്തെപ്രതിഷ്ഠിച്ച് സൈദ്ധാന്തികസ്വയംഭോഗത്തിൽ നാം സുഖം കണ്ടെത്തുന്നവരായി ശരാശരി മലയാളി മാറിയിരിക്കുന്നു. ഏതൊരു പ്രശ്നത്തിന്റെയും പ്രധാനകാരണം ആന്തരികമാണെന്ന മാർക്സിസ്റ്റ് ആശയംപോലും സൗകര്യപൂർവ്വം നാം വിസ്മരിച്ചു.

നമ്മുടെ പ്രധാന പ്രശ്നം ആന്തരികമാണ്. എന്നാലതംഗീകരിച്ചാൽ നിരവധി മിത്തുകൾ തകർന്നു വീഴും എന്നതുകൊണ്ടുതന്നെ നാമതിന് തയ്യാറല്ല. ആധുനിക കേരളത്തിന്റെ ശിൽപിയാണ് ഇ.എം.എസ്. എന്ന് അവകാശപ്പെടുമ്പോൾ, അദ്ദേഹം സൃഷ്ടിച്ച കേരളത്തിന്റെ യഥാർത്ഥഅവസ്ഥ എന്താണെന്ന് വിശകലനം ചെയ്യേണ്ടതല്ലേ? എന്നാലത് സത്യസന്ധമായി ചെയ്താൽ ഇ.എം.എസ്. എന്ന ഏറ്റവും വലിയ മിത്ത് തന്നെ തകർന്നു വീഴും. അത്തരമൊരു ആത്മപരിശോധനക്ക് തയ്യാറാകാതെയാണ് നാം ശത്രുക്കളെ അന്വേഷിക്കുന്നത്. **കഴിഞ്ഞ പത്തുവർഷമായി നമുക്ക് രക്ഷപ്പെടാൻ ഒരു പിടിവള്ളിക്കൂടി ലഭിച്ചിട്ടുണ്ട്. ആഗോളവൽക്കരണം!! എന്തിനും ഏതിനും നമുക്ക് ഒരു കാരണമായി നേരത്തെ സൂചിപ്പിച്ച പ്രശ്നങ്ങളെല്ലാം ആഗോളവൽക്കരണത്തിന്റെ സൃഷ്ടിയാണെന്ന് പറയുന്നതിൽ എത്ര മാത്രം ശരിയുണ്ട് ? നെൽകൃഷിയടക്കമുള്ള നമ്മുടെ കാർഷിക മേഖല എന്നേ തകർന്നു കഴിഞ്ഞിരുന്നു. സ്ത്രീകൾക്ക് വഴിനടക്കാൻ കഴിയാത്തതിന് കാരണം ആഗോളവൽക്കരണമാണോ ? ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെട്ടതിന് കാരണം ആഗോളവൽക്കരണമാണോ ? വിദ്യാഭ്യാസമേഖലയും ആരോഗ്യമേഖലയും തകർന്നടിയാൻ കാരണം ആഗോളവൽക്കരണമാണോ ? ചുരുങ്ങിയ പക്ഷം ഇവയെല്ലാം പ്രധാന കാരണമാണെങ്കിലും ആന്തരികമാണ് എന്നംഗീകരിക്കാനുള്ള വിനയമാണ് കപടമായ അവകാശവാദങ്ങൾ ഉപേക്ഷിച്ച് നാം കാണിക്കേണ്ടത്.**

യഥാർത്ഥത്തിൽ എങ്ങിനെയാണ് ആഗോളവൽക്കരണനയങ്ങളെ അഭിമുഖീകരിക്കാൻ നമുക്ക് കഴിയുക? ഒരു ജനതയെന്ന നിലയിൽ മലയാളിയുടെ രാഷ്ട്രീയഭാഗധേയം നിർണ്ണയിക്കാനുള്ള അവകാശത്തിന് വേണ്ടിയുള്ള പോരാട്ടങ്ങളിലൂടെയാണ് അത് സാധ്യമാവുക. ദേശീയതയും സാർവ്വദേശീയതയും തമ്മിലുള്ള വൈരുദ്ധ്യാധിഷ്ഠിതബന്ധം തിരിച്ചറിഞ്ഞ് സ്വന്തം ദേശീയതക്ക് വേണ്ടി നിലനിൽക്കുമ്പോഴാണ് നമുക്ക് മുന്നോട്ട് പോകാൻ കഴിയുക. അപ്പോൾ നമ്മുടെ മണ്ണിലെ ആദ്യശത്രു അമേരിക്കയേക്കാൾ ഉപരി ന്യൂഡെൽഹിയാണെന്ന് കാണാൻ കഴിയും. 80 ശതമാനത്തിൽപരം അധികാരങ്ങളും കയ്യടക്കി വെച്ചിരിക്കുന്ന ഇന്ത്യൻ കേന്ദ്രീകൃത അധികാരവ്യവസ്ഥക്കെതിരെ ശബ്ദിക്കാതെ, സാമ്രാജ്യത്വത്തിനെതിരെ ശബ്ദിക്കാൻ എന്താവകാശമാണ് നമുക്കുള്ളത്? മറ്റു പല സംസ്ഥാനങ്ങളിലും അത്തരം പോരാട്ടങ്ങൾ പലപ്പോഴായി ഉയരുകയും ശക്തിപ്പെടുകയും ചെയ്തിട്ടും ഇന്ത്യൻ അവസ്ഥയുടെ ശക്തരായ വക്താക്കളായി നാം നിലക്കൊള്ളുന്നു. **കേരളം മലയാളികളുടെ മാതൃഭൂമിയെന്ന പഴയ മുദ്രവാക്യം നാം മറന്നു കഴിഞ്ഞു. ആ മറവിയാണ് നമ്മുടെ പ്രശ്നങ്ങളുടെ ആരംഭം,** കേരളത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം പോലും നിലവിലില്ല എന്നത് എത്ര ദയനീയമായ അവസ്ഥയാണ്. വി.എസ്. അച്ചുതാനന്ദന് ഇടക്കിടെയുണ്ടാകുന്ന വെളിപാടുകൾ സ്വന്തം പാർട്ടി പോലും മുഖവിലക്ക് എടുക്കുന്നില്ല.

ദേശീയമായ ആത്മാഭിമാനത്തിൽ ഉണരുന്ന ജനതക്കേ വരും കാലത്തെ വെല്ലുവിളികളെ നേരിടാനും ആഗോളവൽക്കരണമടക്കമുള്ള നയങ്ങളെ അഭിമുഖീകരിക്കാനും കഴിയൂ എന്നതാണ് യഥാർത്ഥ വസ്തുത. ●


## കേരളീയം ക്ലാസിഫൈഡ്

### പരിപാടികൾ നടത്തികൊടുക്കും

യോഗങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയ പരിപാടികൾ ആദ്യാവസാനം വരെ-പരിപാടി ആലോചന, ആസൂത്രണം, ക്ഷണിതാക്കൾ, വേദി, നോട്ടീസ്, സജ്ജീകരണങ്ങൾ, പത്രമാധ്യമ ഫോട്ടോ കവറേജ് ഉൾപ്പടെ-അനുയോജ്യമായ ചിലവിൽ ഭംഗിയായും ഉത്തരവാദിത്വത്തോടു കൂടിയും നടത്തുന്നു. ഈ രംഗത്ത് പതിനേഴ് വർഷത്തെ അനുഭവ സമ്പത്ത് ഉള്ളവരാണ് ഈ സംരഭത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. കൂടുതലറിയുവാൻ 0487 2421385, മൊബൈയിൽ : 9447301241 വിളിക്കുക അല്ലെങ്കിൽ എഴുതുക: മീഡിയാമേറ്റ്, മറ്റത്തൂർ 680 692.

### വെച്ചൂർ പശു വളർത്താൻ ബന്ധപ്പെടുക

വെച്ചൂർ പശുവിന്റെ കിടാവിനെ വളർത്താൻ ആവശ്യക്കാർക്ക് കൊടുക്കുന്നതാണ്. ബന്ധപ്പെടുക: ടോണി തോമസ് കിഴക്കേകര, ഇരുമ്പകച്ചോല, കാഞ്ഞിരപ്പുഴ, മണ്ണാർക്കാട് വഴി, പാലക്കാട്.

### ഹോളിസ്റ്റിക് ട്രീറ്റ്മെന്റ്

ശരീരത്തിന്റെ താളംതെറ്റിക്കുന്നതിൽ മനസ്സിന് വലിയൊരു പങ്കുണ്ട്.

**മാനസിക ശാരീരിക രോഗങ്ങൾ ഹിപ്നോതെറാപ്പി, റെയ്കി, കൗൺസലിംഗ്, പ്രകൃതിചികിത്സ** എന്നീ മാർഗ്ഗങ്ങളിലൂടെ മരുന്നുകളില്ലാതെ പരിഹരിക്കുന്നു.

Dr. Chitra Murali, DAMS, ND(AM), UMP
Punkunnam, Thrissur
Ph : 0487-2380890, 2421099